പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1479 07.06.2018 ൽ മറുപടിയ്ക്ക്

<u>ചോദ്യം</u>
ശ്രീ. പാറക്കൽ അബ്ദുല്ല

<u>മറുപടി</u>
ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

**സർക്കാർ ഭൂമിയും തോട്ടഭൂമിയും സംരക്ഷിക്കുന്നതിനും അനധികൃത ഭൂമി കൈമാറ്റം തടയുന്നതിനുമായി നിയമനിർമ്മാണം**

| | | |
|---|---|---|
| (എ) | സർക്കാർ ഭൂമിയും തോട്ടഭൂമിയും സംരക്ഷിക്കുന്നതിനും അനധികൃത ഭൂമി കൈമാറ്റം തടയുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നത് പരിഗണനയിലുണ്ടോ;എങ്കിൽ ഇത് ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ)യും (ബി)യും (സി)യും സർക്കാർ ഭൂമിയും തോട്ടഭൂമിയും സംരക്ഷിക്കുന്നതിനും അനധികൃത ഭൂമി കൈമാറ്റം തടയുന്നതിനുമായുള്ള നിയമത്തിന്റെ അഭാവം അനധികൃത കൈയേറ്റങ്ങൾ വർദ്ധിപ്പിക്കുമെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ സർക്കാർ ഭൂമിയും തോട്ട ഭൂമിയും സംരക്ഷിക്കുന്നതിനും അനധികൃത ഭൂമികൈമാറ്റം തടയുന്നതിനുമായി (കേരള ലാൻഡ് ഗ്രാബിംഗ് (പ്രോഹിബിഷൻ) ആക്ട്) നിയമനിർമ്മാണം നടത്തുന്നതിനായി കരട് ബിൽ തയ്യാറാക്കുകയും ആയതിൽ നിയമ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായവും സഹിതം വിദഗ്ധോപദേശത്തിനായി അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട് |
| (ബി) | നിയമത്തിന്റെ അഭാവം അനധികൃത കൈയേറ്റങ്ങൾ വർദ്ധിപ്പിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | |
| (സി) | എങ്കിൽ നിയമനിർമ്മാണത്തിനായുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ